**Malayala Manorma**

**18 June 2018**

**Chellanam**



ചെല്ലാനം കമ്പനിപ്പടി പ്രദേശത്തു കടൽ കരയിലേക്കു കയറുന്നു.

# കലികയറി കടൽ

ചെല്ലാനം ● മഴ കനത്തതോടെ തീരപ്രദേശത്തു കടലാക്രമണം രൂക്ഷമായി. കമ്പനിപ്പടി ആലുങ്കൽ കടപ്പുറത്താണ് ഇന്നലെ കൂടുതൽ കടൽക്കയറ്റമുണ്ടായത്. യന്ത്രസഹായത്താൽ തീർത്ത മണൽവാടയെല്ലാം ശക്തമായ തിരയിൽ തകർന്നു. കടൽവെള്ളം ഉപ്പത്തക്കാട് തോട്ടിലേക്ക് ഒഴുകുന്നതിനായി മണ്ണു മാറ്റിക്കൊടുക്കുന്ന ജോലി യന്ത്രസഹായത്തോടെ ചെയ്യുന്നുണ്ട്. ഇവിടെ 60 മീറ്ററോളം നീളത്തിൽ കരിങ്കൽ ഭിത്തിയില്ലാത്തതാണു കടൽ കയറുന്നതിന്റെ കാരണം.

ബസാർ പ്രദേശത്ത് 200 ജിയോ ചാക്കുകളിൽ മണൽ നിറച്ച് അട്ടിവച്ചിട്ടുണ്ട്. അതും കവിഞ്ഞ് എത്തുന്ന കടൽവെള്ളം, കഴിഞ്ഞയിടെ ശുചീകരിച്ച കാനകളിലൂടെ ഒഴുകിപ്പോകുന്നുണ്ട്.

കമ്പനിപ്പടിയിൽ 20 വീടുകൾ കടലാക്രമണ ഭീഷണിയിലാണ്. നാലഞ്ചു വീടുകൾ അടച്ചിട്ട നിലയിലും. ഇവിടെ താമസിച്ചിരുന്നവർ ബന്ധുവീടുകളിലേക്ക് ഇതിനോടകം താമസം മാറിയിട്ടുണ്ട്.

ഉപ്പത്തക്കാട് തോടിന്റെ ഇരുവശമുള്ള വീട്ടുകാരും കടൽക്ഷോഭ ഭീഷണിയിലാണ്. തോട് തെക്കേ ചെല്ലാനം മുതൽ ബസാർ വരെ ആഴം കൂട്ടണമെന്നും മണൽവാട തീർക്കാൻ ആയിരം ജിയോ ചാക്കുകളെങ്കിലും അധികൃതർ നൽകണമെന്നും പശ്ചിമ കൊച്ചി തീരസംരക്ഷണ സമിതി ആവശ്യപ്പെട്ടു.